# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 - 2026



## ഗവ: എൽ.പി സ്കൂൾ പനവല്ലി

# ആമുഖം

വയനാട്ടിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ പനവല്ലിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1968ൽ സ്ഥാപിതമായി. അത്തണ്ട ദേവേശഗൗഡരുടെ വീട്ടിൽവെച്ച് ഗുരുകുല വിദ്യാഭ്യാസം നടക്കുന്നുണ്ടായിരുന്നു. പിന്നീട് നാട്ടുകാരുടെ ആവശ്യം മുൻനിർത്തി കുറച്ച് ആളുകളുടെ നേതൃത്വത്തിൽ ഒരു സ്കൂൾ സ്ഥാപിതമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്തു.

ശ്രീ പാലയ്ക്കൽ രാമൻ, രാമൻമൂസ്സത്, എ.എൻ ജനാർദ്ദനൻ, കെ.പി വേലായുധൻ, കാഞ്ഞിരത്തിൽ കുഞ്ഞപ്പൻ, എം.പി മാധവൻ, വി.കെ. ദാമോദരൻ, പുളിക്കൽ അഗസ്തി, എ.ആർ ഉണ്ണി, ഗോപാലൻനമ്പ്യാർ തുടങ്ങിയവരാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകനേതൃത്വം നൽകിയത്. ശ്രീ പാലയ്ക്കൽ രാമൻ ഒരേക്കർ സ്ഥലം വിട്ടുകൊടുത്തു. ഓലമേഞ്ഞ ഒരു ഷെഡ് സ്ഥാപിക്കു

കയും സുകുമാരൻ മാസ്റ്റർ പ്രഥമ അധ്യാപകനായി നിയമിതനാകുകയും ചെയ്തു.

കുട്ടികൾക്ക് കഞ്ഞി കൊടുക്കാൻ തീരുമാനമായി. ഓരോ മാസവും ഓരോ വീട്ടുകാർ ചുമതലയേൽക്കുകയും കഞ്ഞിപ്പുര ഇല്ലാത്തതിനാൽ ഒരു വീട്ടിൽ കഞ്ഞി വെച്ച് എത്തിക്കുകയും ചെയ്തു. ഷെഡിൽ പ്രവർത്തിക്കുന്നത് സുരക്ഷിതമല്ല എന്ന കാരണത്താൽ അധികാരികൾ അംഗീകാരം നിഷേധിച്ചപ്പോൾ കോട്ടയ്ക്കൽ എസ്റ്റേറ്റ് പീടികയിൽ വാടക്ക് പ്രവർത്തനം തുടർന്നു.

തുടർന്ന് സ്ഥിരമായ കെട്ടിടത്തിനു വേണ്ടി പഞ്ചായത്ത് കൊടുത്ത ധനസഹായം തികയാതെ വന്നപ്പോൾ നാട്ടുകാരുടെ സഹായത്തോടെ സ്ഥലത്തുള്ള മരങ്ങൾ മുറിച്ച് സെമി പെർമനന്റ് കെട്ടിടം നിർമ്മിച്ചു. 1978ൽ പെർമനന്റ് കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 1968-69ൽ രണ്ടാം ക്ലാസും 1970-71ൽ മൂന്നാം ക്ലാസും, 1971-72ൽ നാലാം ക്ലാസും നിലവിൽ വന്നു. 1975ൽ ആണ് ഗവൺമെന്റ് അംഗീകാരം ലഭിച്ചത്. 1976-77ൽ നാലാം ക്ലാസും നിലവിൽ വന്നു, അംഗീകാരം ലഭിക്കുകയും ചെയ്തു.

എങ്കിലും കുട്ടികളുടെ കുറവ് കാരണം ഹെഡ്മാസ്റ്റർ ഉൾപ്പെടെ രണ്ട് അധ്യാപകർക്കേ അംഗീകാരം ലഭിച്ചിരുന്നുള്ളൂ. തുടർന്നുള്ള വർഷങ്ങളിൽ നാല് അധ്യാപകർക്ക് അംഗീകാരം ലഭ്യമായി. 2009ൽ പ്രീ-പ്രൈമറി വിഭാഗം ആരംഭിച്ചു. വി.പി സുജാത ആയിരുന്നു. അധ്യാപിക. 1968 മുതൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ആയിരുന്ന വിദ്യാലയം 2011 ജനുവരി 2ന് സർക്കാർ ഏറ്റെടുത്തു.

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
* ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക.
* പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിൽ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങൾ മാറ്റിയെടുക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* ക്വിസിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം, ശലഭോദ്യാനം എന്നിവ നിർമ്മിച്ചെടുക്കുക.
* പിന്നോക്ക വിഭാഗങ്ങൾക്കായി കോളനികളിൽ പഠനാന്തരീക്ഷം ഒരുക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
* വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* കലാകായിക രംഗങ്ങളിൽ പരിശീലനം നൽകുക.
* പതിമൂന്ന് വികസന ഇടങ്ങളിൽ ഉൾക്കൊള്ളിച്ചുകൊണ്ട് കലാകായിക പ്രവൃത്തിപരിചയ പഠനശേഷികൾ മെച്ചപ്പെടുത്തുകയും മുന്നോട്ടുള്ള പഠനത്തിൽ അവരെ സ്വയം പര്യാപ്തരാക്കുകയും ചെയ്യുക.

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക.

| ക്ലാസ്സ് | വി.ഐ | എച്ച്.ഐ | എം.ആർ | ഓട്ടിസം | [illegible] | [illegible] | ആകെ |
|---|---|---|---|---|---|---|---|
| 1 | | | ✓ 1d | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

## അധ്യാപകരും വിവരങ്ങളും.

| | | |
|---|---|---|
| മധു. ടി | ഹെഡ്മാസ്റ്റർ | |
| ജയരാജൻ.സി.ആർ | പി.ഡി. ടീച്ചർ | |
| സിവ.ടി.കെ | എൽ.പി.എസ്.എ | |
| പ്രസീത.കെ.ബി. | എൽ.പി.എസ്.എ | |
| സുജാത.വി.പി | പ്രീ പ്രൈമറി | |

# വീട്ടിലെ ഐ.സി.ടി. സാധ്യതകൾ

| സംവിധാനം | ഉണ്ട് /ഇല്ല |
|---|---|
| വിക്ടർ ചാനൽ | ഇല്ല |
| ഡി.വി.ഡി. പ്ലയർ | ഇല്ല |
| ഇന്റർനെറ്റ്. | ഉണ്ട് |
| വെബ്സൈറ്റ്. | ഇല്ല |
| Blog | ഇല്ല |
| Email I.D. | ഉണ്ട് |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല |

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

* മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം കൈവരിക്കാൻ സാധിക്കുന്നില്ല.
* ഭിന്നനിലക്കാരെ അവഗണിച്ചുകൊണ്ടുള്ള/പരിഗണിക്കാതെയുള്ള പാഠ്യപദ്ധതി.
* പത്തുശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
* ക്ലാസ്സ്‌ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
* ആവശ്യമായ ഗൈഡ്‌ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.

### ഭൗതികം

* റിസോഴ്സ് റൂമുകളുടെ അഭാവം
* ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
* കലാസാംസ്കാരിക/കായിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല.

### സാമൂഹികം

* ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന്

രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധമില്ല.

* മാതൃ-ഭാഷാ ബോധനത്തിനുള്ള അപര്യാപ്തത.

* കലാകായിക പ്രവൃത്തിപരിചയ സംസ്കാരിക പരിപാടികൾ ഏകോപിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## അക്കാദമിക മാസ്റ്റർപ്ലാൻ

### വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു | 15days | - | class trs |
| വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുന്നതിന് | വ്യത്യസ്തകലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | 1 year | PTA | P.T.A |
| ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കൽ | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. * ഏത് സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. * വിവിധ നിലവാരക്കാർക്ക്. അനുയോജ്യമായ പുസ്തകങ്ങൾ മാസികകൾ എന്നിവ ലഭ്യമാക്കുന്നു | 1year | class trs | |
| ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഇല്ലാത്തത് | * പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്കൂൾതല ക്യാമ്പ് | | | |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു | * ഓരോ ക്ലാസിലും രണ്ടാഴ്ചകൂടുമ്പോൾ പുസ്തകത്തിന്റെ വ്യവഹാരരൂപത്തിൽ സംഗ്രഹം ഉൾക്കൊള്ളുന്ന വായനാക്കുറിപ്പുകൾ നൽകുന്നു. വായിപ്പിക്കുന്നു | | | |

(9)

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| Ineffective teaching | * classes in the target language for teachers<br>* workshop for teachers by language Experts<br>* workshop for teachers on teaching learning Materials | | | |
| Defective Pronounciation | * Audio – Video clipping on correct pronounciation.<br>* Video clippings | | | |
| Lack of Communication Skill | * Conducting English fest<br>* Language club.<br>* English club formation<br>* English Assembly.<br>* Developing translation Skills | | | |
| Addressing low learners | * TM and TLM addressing the low learners<br>* Special coaching classes | | | |
| Insufficient Vocabulary | * Word games.<br>* Word Study using Computer<br>* Spelling Contests<br>* Cross word puzzles<br>* Dictionary Making | | | |

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | പങ്കാളിത്തം |
|---|---|---|---|---|
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | ഗണിതപുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക. | | | |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല | വർക്ക്ഷീറ്റുകൾ<br>മുന്നേറ്റം ക്ലാസുകൾ<br>ഗണിതരൂപങ്ങൾ | | | |
| ഗണിതകളി, പസിൽസ് പാട്ട്, കഥ എന്നിവ അടുത്തറിയാൻ അവസരം കിട്ടുന്നില്ല | . Game Corner<br>പാട്ട്, കഥ, ക്യാമ്പ്<br>- നാട്ടറിവ്, ശേഖരണം<br>ഗണിത കളികൾ<br>ഗണിതരൂപങ്ങൾ | | | |

## മേഖല - പരിസരപഠനം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണയില്ല. | * പ്രദേശത്തെ പ്രായമായവരുമായി അഭിമുഖം.<br>* പ്രാദേശിക ചിത്രരചന | | | |
| പഴയകാല ഉപകരണങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | * പഴയകാലത്തെ ഉപകരണങ്ങൾ സാധനങ്ങൾ ശേഖരിക്കൽ<br>* ഗോത്രഫെസ്റ്റ് | | | |
| പ്രാദേശിക വിഭവസ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | വിദഗ്ധരായ ആളുകളുടെ ക്ലാസ്സ് | | | |
| ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | * ജൈവവൈവിധ്യങ്ങളെ പറ്റി അവബോധം നൽകൽ<br>* പഠനയാത്ര, പാർക്ക് നിർമ്മാണം ശലഭോദ്യാനം, ഔഷധത്തോട്ടം, പൂന്തോട്ടം | | | |
| സാമൂഹികസേവനം മനസ്സിലാക്കൽ | - പാലിയേറ്റീവ് പ്രവർത്തകരെക്കൊണ്ട് ക്ലാസ്സ് സംഘടിപ്പിക്കുക.<br>* Health centere സന്ദർശനം<br>* രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം | | | |

12.

| | പരിസരപഠനം | | | |
|---|---|---|---|---|
| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | | | |
| സാമൂഹികസേവനം മനസ്സിലാക്കൽ | ഓണം, ബക്രീദ്, ക്രിസ്തുമസ്സ് ദിവസങ്ങളിൽ കിറ്റ് വിതരണം.<br>-ശുചീകരണം. | | | |
| ഉറവിട മാലിന്യ സംസ്കരണം | കമ്പോസ്റ്റ് നിർമ്മാണം. വീട്ടിലും, വിദ്യാലയത്തിലും (Wast bucket compost)<br>*പാഴ്‌വസ്തുക്കളുടെ പുനരുപയോഗ സാധ്യത - പരിശീലന ക്ലാസ്സ് ശില്പശാല | | | |
| പൊതുസ്ഥാപനങ്ങളെക്കുറിച്ചുള്ള പൊതുമുതൽ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള ധാരണക്കുറവ് | - വെയിറ്റിംഗ് ഷെഡ് വൃത്തിയാക്കൽ<br>* പോസ്റ്റ് ഓഫീസ് സന്ദർശനം.<br>* പോസ്റ്റ് മാസ്റ്ററുമായി അഭിമുഖം<br>* പോസ്റ്റൽ ഉല്പന്നങ്ങളുടെ പ്രദർശനം.<br>* Heatlh Centere സന്ദർശനം അഭിമുഖം<br>* ദിനാചരണങ്ങൾ | | | |

3

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| SSGയുടെ സഹായം അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | * രക്ഷിതാക്കളിൽ നിന്നും യോഗ്യതയുള്ളവരുടെ വിവരശേഖരണം<br>* പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ.<br>* കലാകായികമേള മുന്നേറ്റത്തിനായി ക്ലാസ്സുകൾ | | | |
| PTA പ്രാതിനിധ്യക്കുറവ് | * Corner PTA<br>* ഗൃഹസന്ദർശന പരിപാടി<br>* മാസത്തിൽ ഒരിക്കൽ CPTA, PTA എക്സിക്യൂട്ടീവ്.<br>* ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളിക്കൽ.<br>* രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം | | | |

മേഖല - കലാകായികം / ആരോഗ്യം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമതക്കുറവ് | * തെരഞ്ഞെടുത്ത് ആവശ്യ പരിശീലനം നൽകുക.<br>* പ്രദേശത്തെ കായികപ്രതിഭകളുടെ സേവനം.<br>- Sports Camp. | | | |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | കായിക പ്രതിഭകളെ ആദരിക്കൽ | | | |
| പ്രഥമശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ് | വിദഗ്ധ ക്ലാസ്സുകൾ<br>സി.ഡി. പ്രദർശനം | | | |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ | - ആരോഗ്യ ക്ലാസ്സുകൾ<br>അടുക്കളത്തോട്ടം | | | |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം | * പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക | | | |

## പരിഹാരപ്രവർത്തനങ്ങൾ

| പ്രശ്നങ്ങൾ | മേഖല - പ്രവൃത്തിപരിചയം | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | * പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക. <br> * പ്രവൃത്തിപരിചയമേള | | | |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | * പ്രവൃത്തിപരിചയമേഖലയിൽ കഴിവുള്ള പ്രാദേശികരായ വ്യക്തികളുടെ വിവരശേഖരണം. <br> * അവരെ ഉൾപ്പെടുത്തി റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | | | |
| അസംസ്കൃത വസ്തുക്കളുടെ അഭാവം | പ്രാദേശിക വിഭവങ്ങളുടെ ശേഖരണം | | | |
| | മേഖല - കലാപഠനം | | | |
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല | അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു | | | |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | ആഴ്ചയിൽ ഒരിക്കൽ സാഹിത്യ സമാജം സംഘടിപ്പിക്കുന്നു. | | | |

## മേഖല : ഭിന്നശേഷി നിലവാരക്കാർ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സംഘാടകർ | ഉത്തരവാദി |
|---|---|---|---|---|
| ഭിന്നശേഷി ഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ പ്രത്യേക പരിഗണന കിട്ടായ്മ | ജൂൺമാസം തന്നെ ഭിന്നശേഷിയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. നിരന്തരപ്രോത്സാഹനം പ്രത്യേക പരിപാടികൾ കഥ, പാട്ട്, [illegible] വായിച്ചുകൊടുക്കൽ. | | | |
| കുട്ടികളുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി രക്ഷിതാക്കൾക്ക് പരിശീലനം ഇല്ലാത്തതിനാൽ | രക്ഷിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ. - പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെക്കൂടി പങ്കാളിയാക്കുക. | | | |
| സാമൂഹ്യ പങ്കാളിത്തത്തിൽ കുറവ് | . peer group ന്റെ സേവനം. - പുറമെ ഒത്തുകൂടാനുള്ള പൊതു ഇടം കണ്ടെത്തുക. - കൃഷി പഠനം പോലുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക. | | | |

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഉപഭോഗങ്ങളുടെ അനുരൂപീകരണം സാധ്യമാകുന്നില്ല | റിസോഴ്സ് അധ്യാപകരുടെ സേവനം മാസത്തിലൊരിക്കൽ ലഭ്യമാക്കുക. അധ്യാപകർക്ക് പ്രത്യേക പരിശീലനം | | | |
| പ്രാദേശിക കലാകാരന്മാരുടെ സേവനം ലഭ്യമാകുന്നില്ല | * സ്കൂൾ കലാസംഘം രൂപീകരിക്കുക.<br>* സംഗീത ഉപകരണ ക്ലാസ്.<br>* നാടൻപാട്ട് സംഘം.<br>* വിദ്യാലയത്തിലെ സീനിയർ അധ്യാപകന്റെ സേവനം [ഉപകരണ സംഗീത വിദഗ്ധൻ- Jayarayan.C.R] ഉറപ്പാക്കുന്നു. | | | |

# ഐ.ടി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
| --- | --- | --- | --- | --- |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം | - ക്ലാസ് ലെവലിൽ വാട്സ് ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കും | | | |
| ആധുനികസാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ധാരണക്കുറവ് | ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക | | | |

1,19

## മേഖല - സാമ്പത്തികം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിദ്യാലയത്തിൽ മനോഹരമായ തോട്ടത്തിന്റെ കുറവ് | വിദ്യാലയ പരിസരം പച്ചപ്പ് കൊണ്ട് നിറക്കുക.<br>- ചെടികൾ<br>× വൃക്ഷത്തൈകൾ<br>* പഴവർഗ്ഗങ്ങൾ<br>* ഔഷധസസ്യങ്ങൾ | | | |
| വീട്ടിലെ അടുക്കളത്തോട്ടം | * മാതാപിതാക്കളുടെ സഹായത്തോടെ വിദ്യാലയത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | | | |
| പ്ലാസ്റ്റിക് മലിനീകരണം | - പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.<br>- പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി അതിനായുള്ള ബിന്നുകളിൽ നിക്ഷേപിക്കുക. | | | |

## മേഖല - ലൈബ്രറി.

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| രക്ഷിതാക്കളിലെ വായനാക്കുറവ് | * സ്കൂൾ ലൈബ്രറി പൊതു ലൈബ്രറിയാക്കി മാറ്റുന്നു. * രക്ഷിതാക്കളെ അംഗങ്ങളാക്കിയിട്ടുള്ള ലൈബ്രറിയാക്കി മാറ്റുന്നു. | | | |
| കുട്ടികളുടെവീട് | * വീട്ടിൽ വായനാമൂല ഒരുക്കുന്നു. | | | |
| | **മേഖല - ഉച്ചഭക്ഷണം** | | | |
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണ | ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ഉപയോഗപ്പെടുത്തിയുള്ള ബോധവൽക്കരണ ക്ലാസ്. * പോഷകാഹാരങ്ങൾ പരിചയപ്പെടൽ | | | |
| പോഷകാഹാരക്കുറവ് | * മാസത്തിൽ ഒരിക്കൽ മാംസാഹാരം ലഭ്യമാക്കുന്നു * ജൈവ പച്ചക്കറി ഉപയോഗിക്കുന്നു. | | | |